**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 979** **10-06-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭത്തിൽ തകരുന്ന ഗ്രാമീണ റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭത്തിൽ തകരുന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി ഫ്ളഡ് പദ്ധതി പ്രകാരം അനുവദിക്കുന്ന പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്; പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തിര സ്വഭാവത്തിലുള്ള പുനരുദ്ധാരണത്തിന് (Immediate repair/ restoration) മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഭരണാനുമതി നല്കുന്നത്. ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണത്തിനായി, ഭരണാനുമതി ഉത്തരവ് തീയതി മുതൽ ആറ് മാസത്തിനകം കരാറിലേർപ്പെടേണ്ടതും ഭരണാനുമതി ഉത്തരവ് തീയതി മുതൽ ഒന്നര വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. ടി പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസോ പൂർത്തീകരിക്കാത്ത പ്രവൃത്തിയ്ക്ക് പാർട്ട് ബിൽപേയ്മെന്റോ അനുവദനീയമല്ല. പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ ബിൽത്തുക അനുവദിക്കാനാകൂ. കൂടാതെ പ്രസ്തുത പ്രവൃത്തികൾ ലാഭകരമല്ല എന്ന കാഴ്ചപ്പാടും എസ്റ്റിമേറ്റ് അംഗീകരിച്ച ശേഷവും ഇടയ്ക്കിടെ നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടാകുന്ന വർദ്ധനവും പ്രതികൂല കാലാവസ്ഥയും നിലവിൽ കോവിഡ്-19- നെത്തുടർന്നുള്ള പ്രതികൂല സാഹചര്യങ്ങളും മൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനാകില്ലെന്ന ധാരണ മൂലമാണ് ചില കരാറുകാർ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും പിന്മാറുന്നത്. |
| (ബി) | ആയത് പരിഹരിക്കുന്നതിനായി എന്തു നടപടി സ്വീകരിക്കുവാനാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രതികൂലമായ സാഹചര്യങ്ങളാൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാനാകാത്ത സാഹചര്യം ജില്ലാകളക്ടർമാർ റിപ്പോർട്ട് ചെയ്യുമ്പോൾ ആയത് പരിശോധിച്ച് പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ കാലാവധി നീട്ടി നല്കാറുണ്ട്. 2019ലെ പ്രളയം, അതേ വർഷം നടന്ന ലോക് സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി നിലനിന്നിരുന്ന പെരുമാറ്റച്ചട്ടം, |

| | | | |
|---|---|---|---|
| | | | കോവിഡ് മഹാമാരി എന്നിവമൂലം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നിരവധി ദിവസങ്ങൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ 18 വരെ ഭരണാനുമതി നല്കിയിരുന്ന പ്രവൃത്തികൾക്ക് കരാറിലേർപ്പെടുന്നതിന് 2021 മാർച്ച് 31 വരെ സമയമനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിരുന്നു. ടെണ്ടർ നടത്തുമ്പോൾ കരാറുകാർ ആരും പങ്കെടുക്കാത്ത സാഹചര്യം ഉണ്ടായാൽ റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നിർവ്വഹിക്കുന്ന നടപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവൃത്തികൾ പ്രദേശവാസികളായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗുണഭോക്തൃ കമ്മിറ്റികൾ വഴിയും നടപ്പാക്കാവുന്നതാണ്. |
| (സി) | പ്രസ്തുത ഫ്ളഡ് പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞാൽ കരാറുകാർക്ക് യഥാസമയം തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രവൃത്തികൾ പൂർത്തിയാക്കി ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് ബില്ല് സമർപ്പണത്തിന്റെ മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായി തന്നെ ബിൽത്തുക അനുവദിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ